## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2720 | | 09.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പെൻഷനുകൾ കൃത്യമായി നൽകാത്തത്** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വാർദ്ധക്യ-വികലാംഗ പെൻഷനുകൾ കൃത്യമായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതും ഗുണഭോക്തൃ വിവരങ്ങളിൽ സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടില്ലാത്തതുമായ എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ വാഴാർമംഗലത്ത് കോയിക്കത്ത് ബാബു.കെ.സി. (IDNo. 101810400049) യുടെ വികലാംഗ പെൻഷൻ 2016 ജൂലൈ മാസത്തിനു ശേഷം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | പെൻഷണർ IDNo. 101810400049, ബാബു.കെ.സി.യുടെ പെൻഷൻ വിവരങ്ങൾ 13.02.2017 ന് ആണ് ഡിജിറ്റൽ സൈൻ ചെയ്ത് അധികൃതമാക്കി ഡിബിടി സെല്ലിന് ലഭ്യമാക്കിയിട്ടുള്ളത്. 14.07.2016 മുതൽ 12.02.2017 വരെ ടി ആളുടെ വിവരങ്ങൾ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ഡിജിറ്റൽ സൈൻ ചെയ്ത് ലഭ്യമാക്കാത്തത് കൊണ്ടാണ് ജൂലൈ 2016 ന് ശേഷം പെൻഷൻ ലഭ്യമാകാത്തത്. സർക്കാർ ഉത്തരവ് പ്രകാരം ആധാർ നമ്പറോ അല്ലെങ്കിൽ മറ്റൊരു തിരിച്ചറിയൽ രേഖയോ പ്രസ്തുത ഗുണഭോക്താവ് നിലവിൽ സമർപ്പിച്ചിട്ടില്ല. |
| (സി) | ടിയാന് പെൻഷൻ കുടിശ്ശിക സഹിതം എന്ന് വിതരണം ചെയ്യുമെന്ന് വിശദീകരിക്കുമോ? | (സി) | ആധാർ/ തിരിച്ചറിയൽ രേഖ സംബന്ധിച്ച വിവരങ്ങൾ സമർപ്പിച്ച ശേഷം, കുടിശ്ശിക വിതരണത്തിനായി തുക അനുവദിക്കുന്ന മുറയ്ക്ക് പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ